**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

07-07-2021

## 1. കർഷക അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ - സംസ്ഥാന തല കർഷക അവാർഡിനുള്ള അപേക്ഷകൾ ക്ഷണിച്ചു. ഈ കാലയളവിൽ കാർഷികമേഖലയിലും വിജ്ഞാന വ്യാപനത്തിലും ജൈവ കൃഷിയിലും മട്ടുപ്പാവ് കൃഷിയിലും മറ്റും മികച്ച പ്രവർത്തനം കാഴ്ച്ച വച്ച കർഷകർക്കും, യുവ കർഷകർക്കും, വ്യക്തികൾക്കും, മാധ്യമങ്ങൾക്കും, സ്ക്കൂൾ കോളേജ് വിദ്യാർഥികൾക്കും, അവാർഡുകൾ നൽകുന്നു. വിവിധ അവാർഡുകളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൃഷി വകുപ്പ് വെബ്സൈററിൽ ലഭ്യമാണ്. കൃഷിഭവനുകൾക്കും പഞ്ചായത്തുകൾക്കും കർഷകരെ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഓരോ വിഭാഗത്തിലും മത്സരിക്കുന്നവർ നിശ്ചിത ഫാറത്തിൽ അപേക്ഷ പൂരിപ്പിച്ച് അടുത്തുള്ള കൃഷി ഭവനിൽ ജൂലൈ ആറാം തീയതിയ്ക്കു മുമ്പായി നൽകേണ്ടതാണ്. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ ജൂലൈ പതിമ്മൂന്നിനു മുമ്പ് ലഭിക്കത്തക്ക വിധം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

2. റബ്ബർ മരങ്ങൾ മഴക്കാലത്ത് ടാപ്പ് ചെയ്യുമ്പോൾ ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങളെ കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കാൾ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്. ഇന്ന് രാവിലെ പത്തുമണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ ആർ രാജഗോപാൽ ഫോണിലൂടെ മറുപടി നൽകും. വിളിയ്ക്കേണ്ട ഫോൺ നമ്പർ – 0481 2576622

**3. അറിയിപ്പ്**

നെടുമുടി കൃഷിഭവൻ പരിധിയിൽ വരുന്ന രണ്ടാം കൃഷിയിറക്കിയ നെൽപാടങ്ങളിൽ വിതച്ച് 20 ദിവസം വരെ പ്രായമായ ചില പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി കീടനിരീക്ഷണകേന്ദ്രം അറിയിക്കുന്നു. വളർച്ച മുരടിപ്പ്, നാമ്പ് മഞ്ഞളിപ്പ്, ചെടി ഉരുകിപ്പോകുന്നതുപോലെയും, തണ്ടുതുരപ്പന്റേതിന് സമാനവുമായ ലക്ഷണങ്ങൾ എന്നിവ കാണുന്ന പക്ഷം കർഷകർ അടിയന്തിരമായി കീടനിരീക്ഷണകേന്ദ്രവുമായി **8547865338** എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. **കേരള വെറ്ററിനറി സർവകലാശാല**യുടെ വിജ്ഞാനവ്യാപന വിഭാഗം ഇന്നു (07-07-2021) വൈകിട്ട് 5 മണിക്ക് **അതിജീവനം പോത്തുവളർത്തലിലൂടെ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. അസോസിയേറ്റ് പ്രൊഫസർ ഡോ. അപർണ്ണ കെ ചന്ദ്രൻ ആണ് പരിശിലനം നൽകുന്നത്. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500.** കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

5. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** ഇന്ന് (7-7-2021) **കന്നുകാലികളിലെ അകിടുവീക്കം, തൈലേറിയ, മറ്റ് രക്താണു രോഗങ്ങൾ** എന്ന

വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

6. **തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിൽ കന്നുകാലികളിലെ മഴക്കാലരോഗങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും** എന്ന വിഷയത്തിൽ നാളെ (8 ന്) രാവിലെ 8.30 മണി മുതൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **0471-2440911** എന്ന നമ്പരിലോ dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ പേര്, മേൽവിലാസം, വാട്ട്സ് ആപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. **ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും** ഈ മാസം 10 ന് **ഓമനമൃഗങ്ങളിലെ പരാദരോഗങ്ങൾ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക **- 9446424556**

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 8 മുതൽ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **0471 2732918 9188522701.**

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം ഇരുപത്തിഒന്നിന് **മുട്ടക്കോഴി വളർത്തൽ** എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479– 2457778** എന്ന ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

**10. കാർഷികസർവകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ**

1) താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ച ഉറപ്പു വരുത്തുക. കനത്ത മഴ മൂലം തുടർച്ചയായി വെള്ളം കെട്ടി നിന്ന സ്ഥലങ്ങളിൽ മണ്ണിന്റെ സാന്ദ്രത കൂടുന്നതുമൂലം ഘടന നഷ്ടപ്പെടുന്നതാണ്. ഇങ്ങനെയുള്ള കൃഷിയിടങ്ങൾ നന്നായി കിളച്ചു 2 കിലോഗ്രാം കുമ്മായം എന്ന തോതിൽ ചേർത്ത് കൊടുക്കേണ്ടതാണ്.
2) വാഴയിൽ തട തുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ 2 മില്ലി കോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ നോർപ്പിച്ച് തളിക്കുക.
3) കുരുമുളകിൽ കുമിൾരോഗത്തെ ചൊറുക്കാൻ കാലവർഷത്തിനുമുൻപേ മുൻകരുതൽ എടുക്കേണ്ടതാണ്. ഒരു ശതമാനം വീര്യമുള്ള ബോർഡോമിക്സ്ചർ തളിക്കുന്നതോടൊപ്പം 4 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തടങ്ങളിൽ ഒഴിച്ചു കൊടുക്കുക.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**